ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) 2003-2004 സാമ്പത്തിക വർഷം വരെ ഗ്രാമവികസന വകുപ്പ് ഗ്രാമ പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന ഗ്രാമീണ റോഡ് മെയിന്റനൻസ് പദ്ധതിപ്രകാരം മുമ്പ് എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികളിൽ ഏറ്റെടുത്തു പൂർത്തിയാക്കിയ ഗ്രാമീണ റോഡുകളുടെയും അറ്റകുറ്റപ്പണി നടത്തിയിരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത തൊഴിൽദാന പരിപാടിയായ എസ്.ജി. ആർ.വൈ. പദ്ധതിയിൽ ലഭിക്കുന്ന ആകെ വിഹിതത്തിന്റെ 15% ഇത്തരം റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കായി ഉപയോഗിക്കാവുന്നതാണ്.

(ബി) ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് പണികൾ നടപ്പിലാക്കുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻകഴിയൂ.

ഇലക്ട്രോണിക് ഡിജിറ്റൽ മീറ്റർ സ്ഥാപിക്കുന്ന നടപടി

*18 [18] ശ്രീ. പി. നാരായണൻ:
,, കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, എൻ. മാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളുടെ നിലവിലുള്ള മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ എന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പുതിയതായി മാറ്റിവയ്ക്കുന്ന ഇലക്ട്രോണിക് ഡിജിറ്റൽ മീറ്ററുകളെ സംബന്ധിച്ച് പരാതി ഉയർന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മെക്കാനിക്കൽ മീറ്ററിന്റെ സ്ഥാനത്ത് ഇലക്ട്രോണിക് ഡിജിറ്റൽ മീറ്റർ സ്ഥാപിക്കുന്നതോടെ വൈദ്യുതിച്ചാർജ്ജ് മുന്നിരട്ടിയായി വർദ്ധിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പൂർണ്ണമായി മീറ്ററുകൾ മാറ്റി സ്ഥാപിച്ച കാസർഗോഡ്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ വൈദ്യുതി ചാർജ്ജ് ക്രമാതീതമായി ഉയർന്നത് ഇലക്ട്രോണിക് ഡിജിറ്റൽ മീറ്ററുകൾ ഗുണനിലവാരം കുറഞ്ഞതിനാലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനായി എത്ര തുക ചെലവായിട്ടുണ്ട് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) കേന്ദ്രസർക്കാരിന്റെ എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കി വരുന്ന ഏഴ് പട്ടണങ്ങളിലും മൂന്ന് സർക്കിളുകളിലും ഉള്ള വൈദ്യുതി ഉപഭോക്താക്കളുടെ നിലവിലുള്ള ഇലക്ട്രോ മെക്കാനിക്കൽ മീറ്റർ മാറ്റി പകരം ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുവാൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) 2003 മാർച്ച് മുതൽ എ.പി.ഡി.ആർ.പി. പ്രകാരം നടപ്പിലാക്കിവരുന്ന ടൗൺ സ്കീമുകളുടെ കാലാവധി 2005 മാർച്ച് വരെയും സർക്കിൾ സ്കീമുകളുടെ കാലാവധി 2004 ഒക്ടോബർ വരെയുമാണ്. ഈ കാലയളവിനുള്ളിൽ ഘട്ടം ഘട്ടമായി ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എല്ലാ മീറ്ററുകളും (സിംഗിൾ ഫേസും ത്രീ ഫേസും) മാറ്റി വയ്ക്കുന്നതാണ്.

(സി) ഉണ്ട്. പരാതിയുള്ള ഉപഭോക്താക്കളുടെ മീറ്ററുകൾ പരിശോധിച്ച് തകരാറുണ്ടെങ്കിൽ സൗജന്യമായി മാറ്റി സ്ഥാപിച്ചു നൽകുന്നുണ്ട്.

(ഡി) ടെലിവിഷൻ, കമ്പ്യൂട്ടർ, റിമോട്ട് ഫോൺ, മൊബൈൽ ഫോൺ ചാർജ്ജർ കൊതുക് നിവാരണി, ഇൻവെർട്ടർ, എമർജൻസി ലാമ്പ്, യു.പി.എസ്., ലൈൻ ഇൻഡിക്കേറ്റർ തുടങ്ങിയവയുടെ ചെറിയ അളവിലുള്ള ഉപഭോഗവുംകൃത്യമായി രേഖപ്പെടുത്തുന്നതിനാൽ വർദ്ധന ഉണ്ടായതായും തദനുസരണമായി ചാർജ്ജ് വർദ്ധന ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഗുണനിലവാരമില്ലാത്ത മീറ്ററുകൾ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടില്ല. I.S.O. അംഗീകാരമുള്ള കമ്പനികളിൽനിന്നും I.S.I. മാർക്കുള്ള മീറ്ററുകൾ വാങ്ങി വൈദ്യുതി ബോർഡിന്റെതന്നെ മീറ്റർ ടെസ്റ്റിംഗ് യൂണിറ്റുകളിൽ ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് സ്ഥാപിക്കുന്നത്.

(എഫ്) 85.39 കോടി രൂപ.

ജയിലുകളുടെ സുരക്ഷിതത്വത്തിനും തടവുകാരുടെ സംരക്ഷണത്തിനും വേണ്ടിയുള്ള നടപടി

*19 [19] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, മത്തായി ചാക്കോ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷിതത്വത്തിനും തടവുകാരുടെ സംരക്ഷണത്തിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരനായ കല്ലുപുരയിൽ രവീന്ദ്രനെ തടവുകാരായ ആർ.എസ്.എസ്.-കാർ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly